II.ഇ.ബി. XII--കേരള നിയമസഭ/VI- 10

**പന്ത്രണ്ടാം കേരള നിയമസഭ**

ആറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 സെപ്റ്റംബർ 17, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**61 (*271)** പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ പരിപാടികൾ

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ, വ്യവസായ-വാണിജ്യ സംരംഭങ്ങൾ എന്നിവ തുടങ്ങുന്നതിന് താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു:

**I പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

സ്വയംതൊഴിൽ പദ്ധതികൾ

പട്ടികജാതിയിൽപ്പെട്ട യുവതിയുവാക്കൾക്ക് സ്വയംതൊഴിൽ പദ്ധതിപ്രകാരം കാർഷിക വ്യവസായ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ഒരു വ്യക്തിക്ക് 3 ലക്ഷം രൂപ മുതൽമുടക്കുള്ള പദ്ധതിക്ക് 1 ലക്ഷം രൂപയും 7 പേരുള്ള ഗ്രൂപ്പിന് 10.5 ലക്ഷം രൂപ വരെയുള്ള മുതൽമുടക്കിന് 3.5 ലക്ഷം രൂപയും സർക്കാർ സബ്സിഡിയായി നൽകുന്നു. ടി പദ്ധതിക്ക് നടപ്പുവർഷത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ഷോപ്പിംഗ് കോംപ്ളക്സ്

വിദ്യാസമ്പന്നരും തൊഴിൽരഹിതരുമായ പട്ടികജാതിക്കാർക്ക് കച്ചവടത്തിലും വ്യവസായത്തിലും അഭിരുചി വർദ്ധിപ്പിക്കുന്നതിനായി വകുപ്പ് നേരിട്ട് ഒരു ഷോപ്പിംഗ് കോംപ്ളക്സ് വിലയ്ക്കെടുത്ത് മിതമായ വാടകയ്ക്ക് നൽകുന്ന പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ 28 മുറികളുള്ള കെട്ടിടം വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. അതിൽ ബെനിഫിഷ്യറിയെ തെരഞ്ഞെടുക്കുന്നത് എസ്.സി./എസ്.ടി. കോർപ്പറേഷൻ ആയിരിക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്.

## പ്രത്യേക ഘടകപദ്ധതിക്കായുള്ള പ്രത്യേക കേന്ദ്ര സഹായം

ഈ പദ്ധതിപ്രകാരം പട്ടികജാതിക്കാരുടെ പുരോഗതിക്ക് ഊന്നൽ നൽകുന്ന വരുമാന വർദ്ധന പരിപാടികൾ, തൊഴിൽ ദായക പരിപാടികൾ, പരിശീലന പരിപാടികൾ, ക്രിട്ടിക്കൽ ഗ്യാപ് നികത്തുന്നതിനുള്ള നിക്ഷേപങ്ങൾ മുതലായവ നടപ്പിലാക്കുവാൻ നടപ്പുവർഷത്തിൽ 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## വനിതാ സംരംഭങ്ങൾ

പട്ടികജാതിയിൽപ്പെട്ട വനിതകളുടെ സാമ്പത്തിക ഉന്നമനവും വനിതാ ശാക്തീകരണവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. 20 കുടുംബങ്ങളെങ്കിലും ഉള്ള പട്ടികജാതി കോളനികളിലെ ദരിദ്രരായ സ്ത്രീകളെ ഉൾപ്പെടുത്തി സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് സാമ്പത്തിക ഉന്നമനത്തിനുതകുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നു. 1.25 ലക്ഷം രൂപയോ അല്ലെങ്കിൽ ഗ്രൂപ്പിലെ ഓരോ വ്യക്തിക്കും 10,000 രൂപ നിരക്കിലോ, ഇതിലേതാണോ കുറവ് എന്ന് കണക്കാക്കി സർക്കാർ സബ്സിഡി നൽകും. പ്രസ്തുത ഗ്രൂപ്പിൽ കുറഞ്ഞത് 10-ഉം കൂടിയത് 20-ഉം എന്ന കണക്കിന് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഒരേ കുടുംബത്തിലെ ഒരാൾക്ക് മാത്രം അംഗത്വം നൽകി സംഘം രൂപീകരിക്കുന്നു. ഇതിനായി നടപ്പുവർഷത്തിൽ 100 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ക്ളസ്റ്റർ വികസനം പരിപോഷിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായം. :

പട്ടികജാതി സഹകരണ സംഘങ്ങൾക്ക് തൊഴിലിനും വരുമാന വർദ്ധനയ്ക്കും ഉതകുന്ന സംരംഭങ്ങൾ പരമ്പരാഗത മേഖലയിൽ നടപ്പാക്കുന്നതിനാണ് ടി പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനായി 2007-08 വർഷത്തിൽ 50 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

<u>കർഷകത്തൊഴിലാളികൾക്ക് ഭൂമി അനുവദിക്കൽ :</u>

സ്വന്തമായി ഭൂമി ഇല്ലാത്തവരോ അല്ലെങ്കിൽ കുറച്ച് ഭൂമി മാത്രം സ്വന്തമായുള്ളവരോ ആയ പട്ടികജാതിയിൽപ്പെട്ട കർഷക ത്തൊഴിലാളികളുടെ സാമൂഹ്യ ഉന്നമനം ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി. ഇതുപ്രകാരം ഇതിന്റെ ഗുണഭോക്താക്കൾ കൃഷിക്ക് ഉപയുക്തമായ 25 സെന്റ് കര ഭൂമിയോ 50 സെന്റ് നിലമോ സ്വന്തം പേരിൽ വാങ്ങുമ്പോൾ അതിന്റെ വിലയുടെ 50 ശതമാനം അല്ലെങ്കിൽ 50000/- രൂപ ഇതിലേതാണോ കുറവ് എന്ന് കണക്കാക്കി സർക്കാർ ഗ്രാന്റായി നൽകും. നടപ്പുവർഷത്തിൽ ഇതിനായി 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

<u>സഹകരണ സ്ഥാപനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയുള്ള ധനസഹായം :</u>

ഈ പദ്ധതിപ്രകാരം കൃഷി, വ്യവസായം, ഖാദി, കയർ, പട്ടുനൂൽകൃഷി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി നടപ്പുവർഷത്തിൽ 25 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>വ്യവസായ പരിശീലന കേന്ദ്രങ്ങൾ:</u>

പട്ടികജാതി വികസന ഗ്രൂപ്പിന്റെ കീഴിലുള്ള 41 ഐ.റ്റി.സി.കളിൽ 11 വിവിധ ട്രേഡുകളിലായി ഓരോ വർഷവും 1031 വിദ്യാർത്ഥികൾക്ക് പരിശീലനംനൽകിവരുന്നു.

ഐ.റ്റി.ഐ./ ഐ.റ്റി.സി, എൻജിനീയറിംഗ് ഡിപ്ളോമ, എൻജിനീയറിംഗ് ഡിഗ്രി എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവിഭാഗക്കാർക്ക് ഒരു വർഷത്തേയ്ക്ക് പ്രതിമാസം 1000 രൂപ, 1600 രൂപ, 1800 രൂപ എന്നീ നിരക്കുകളിൽ സ്റ്റൈപന്റ് നൽകിവരുന്നു.

<u>സെന്റർ ഓഫ് എക്സലൻസ്:</u>

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും വൈദഗ്ദ്ധ്യം ആവശ്യമായ തൊഴിൽ നേടുന്നതിനും ആവശ്യമായ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ പരിശീലനം നൽകുന്ന ഒരു മികവിന്റെ കേന്ദ്രം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റിന്റെ സഹായത്തോടെ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു.

1183 അഭ്യസ്ത വിദ്യരായ പട്ടികജാതി തൊഴിൽരഹിതരെ എസ്.സി. പ്രൊമോട്ടർമാരായി നിയമിച്ചിട്ടുണ്ട്. ഇവർക്ക് പ്രതിമാസം 2000 രൂപ ഓണറേറിയമായി നൽകിവരുന്നു.

## II. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിലും വാണിജ്യ സംരംഭങ്ങളും തുടങ്ങുന്നതിനുള്ള പദ്ധതികൾ പ്രധാനമായും 100 ശതമാനം കേന്ദ്ര സഹായമുള്ള "പട്ടികവർഗ്ഗ ഉപ പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ" പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നു. നിലവിൽ ക്ളസ്റ്റർ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം പ്രധാനമായും കൃഷി അടിസ്ഥാനമായുള്ളതും സ്ഥിര വരുമാനം ലഭിക്കുന്നതുമായ സ്വയം തൊഴിൽ പരിപാടികൾ ഉൾപ്പെടെയുള്ളവ ഏറ്റെടുത്ത് നടപ്പാക്കുന്നു. കൂടാതെ സംസ്ഥാന കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ പട്ടികവർഗ്ഗ സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ/ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് സ്ഥിരം വരുമാനം ലഭിക്കുന്ന തൊഴിൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. കൂടാതെ വിദ്യാസമ്പന്നരായ പട്ടികവർഗ്ഗ യുവതീയുവാക്കളിൽ 1000 പേരെ ട്രൈബൽ പ്രൊമോട്ടർമാരായും 75 പേരെ അപ്രന്റീസ് ക്ളർക്കുമാരായും വകുപ്പ് നേരിട്ട് നിയമിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ വാർഡൻമാരുടെ ഒഴിവിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ യുവതീയുവാക്കളെ നിയമിക്കുന്നു.

## III. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ

ബെനിഫിഷ്യറി ഓറിയന്റഡ് പദ്ധതി, വിദേശ തൊഴിൽ വായ്പാ പദ്ധതി, വനിതകൾക്കുള്ള പെട്രോൾ ഓട്ടോറിക്ഷാ വായ്പാ പദ്ധതി, പാരമ്പര്യ വംശീയ വൈദ്യൻമാർക്കുള്ള ചികിത്സാ സഹായ പദ്ധതി, കർഷകത്തൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാ പദ്ധതി, മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പദ്ധതി, മഹിളാ സമൃദ്ധി യോജന, മിനി വെഞ്ചർ പദ്ധതികൾ, വാഹന വായ്പാ പദ്ധതി (പെട്രോൾ ഓട്ടോറിക്ഷ), വാഹന വായ്പാ പദ്ധതി (3 വീലർ ഓട്ടോ പിക് അപ് വാൻ), സ്മോൾ എന്റർപ്രൈസസ് പദ്ധതികൾ, ആദിവാസി മഹിളാ ശാക്തീകരൺ യോജന, എന്നിവ കൂടാതെ ഒരു കമ്പ്യൂട്ടർ വായ്പാ പദ്ധതിയും. കേന്ദ്ര സർക്കാർ സഹകരണത്തോടെ സ്വരൺ ജയന്തി സ്വരോസ്ഗാർ യോജന (എസ്സ്.ജി.എസ്സ്.വൈ) യും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

IV. <u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ :</u>

ഫെഡറേഷന്റെ അംഗങ്ങളായ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വിവിധ പദ്ധതികൾക്കായി പ്രവർത്തന മൂലധന വായ്പയായി 15,82,296 രൂപയും 34 സഹകണ സംഘങ്ങൾക്ക് മാവേലി സ്റ്റോർ നടത്തുന്നതിന് ലോൺ ആയി 6,80,000 രൂപയും 24 സഹകരണ സംഘങ്ങൾക്ക് കൺസ്യൂമർ സ്റ്റോർ നടത്തുന്നതിന് ലോൺ ആയി 2,40,000 രൂപയും 49 സഹകരണ സംഘങ്ങൾക്ക് അതിലെ അംഗങ്ങൾക്ക് തൊഴിലധിഷ്ഠിത പദ്ധതി നടപ്പാക്കുവാൻ 47,40,000 രൂപയും ഫെഡറേഷൻ നൽകിയിട്ടുണ്ട്. കൂടാതെ ചെറുകിട വനവിഭവ ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് എം.എഫ്.പി. ശേഖരിക്കുന്നതിന് വേണ്ട ധനസഹായവും നൽകുന്നുണ്ട്. ഇതുമൂലം ഏകദേശം 6000-ൽപ്പരം പട്ടികവർഗ്ഗ കുടംബങ്ങൾക്ക് തൊഴിലവസരം ലഭിക്കുന്നുണ്ട്. ഇതിനുപരിയായി അംഗസംഘങ്ങളുടെ ഉൽപ്പന്നങ്ങൾ ഫെഡറേഷൻ ഷോറൂമുകൾ മുഖേനയും എക്സിബിഷനുകൾ മുഖേനയും വിപണനം നടത്തിക്കൊടുക്കുന്നുണ്ട്.

പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകളും ആരോഗ്യ വകുപ്പിന്റെ 11-ഉം ഉൾപ്പെടെ ആകെ 13 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ വൈദ്യ സഹായം ഉൾപ്പെടെയുള്ള സേവനങ്ങൾക്കായി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിൽ 6 ഔട്ട് പേഷ്യന്റ് ക്ളിനിക്കുകൾ, 17 ആയുർവ്വേദ ഡിസ്പെൻസറികൾ, ഒരു ആയുർവ്വേദ ആശുപത്രി എന്നിവ പ്രവർത്തിക്കുന്നു. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആദിവാസി മേഖലകളിലും ഉൾപ്രദേശങ്ങളിലും 3000 ജനങ്ങൾക്ക് ഒരു സബ്സെന്ററും 20000 പേർക്ക് ഒരു പ്രൈമറി ഹെൽത്ത് സെന്ററും പ്രവർത്തിക്കുന്നുണ്ട്. വയനാട് ജില്ലയിലെ നൂൽപ്പുഴ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിലായി സ്പെഷ്യാലിറ്റി ആശുപത്രികൾ തുറന്നു പ്രവർത്തിക്കുന്നു. കേരള സംസ്ഥാനത്ത് ആകെയുള്ള 36 വിഭാഗം ആദിവാസികളിൽ പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ട വിഭാഗങ്ങളിൽ 4500 കുടംബങ്ങളെ കേന്ദ്ര സർക്കാരിന്റെ 100 ശതമാനം കേന്ദ്ര സഹായ പദ്ധതിയായ പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ലൈഫ്, ഇൻഷുറൻസ് കോർപ്പറേഷന്റെ ജനശ്രീ ഭീമാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് വർഷത്തേയ്ക്ക് ഇൻഷ്വർ ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 2000 കുടംബങ്ങളെക്കൂടി ഇൻഷ്വർ ചെയ്യാൻ നടപ്പുവർഷത്തെ ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിൽ നിന്നും 2003-2004 വർഷം അധിക കേന്ദ്ര സഹായമായി ലഭിച്ച 10 കോടി

രൂപ വിനിയോഗിച്ച് സംസ്ഥാനത്തെ എല്ലാ ആദിവാസികൾക്കും സമ്പൂർണ്ണവും സൗജന്യവുമായ ചികിത്സ നൽകുന്നതിന് ഒരു സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതാണ്. ഇത് സംബന്ധിച്ച ഉത്തരവ് 13-08-2007-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

ആദിവാസികൾക്കുവേണ്ടി വയനാട്ടിൽ ഒരു സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് എൻട്രൻസ് കമ്മീഷണർ നടത്തുന്ന പരീക്ഷവഴി പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന ഗവണ്മെന്റിന്റെ എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ലഭ്യമാകുന്നതാണ്. ആദിവാസികളുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് സമഗ്രമായ കർമ്മ പദ്ധതികൾക്ക് ഗവണ്മെന്റ് രൂപം കൊടുത്തിട്ടുണ്ട്. അതിനിടയിൽ കേന്ദ്രഗവണ്മെന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് ട്രഡീഷണൽ ഡ്വല്ലേഴ്സ് ആക്ട് പാസ്സാക്കിയെങ്കിലും ആ നിയമം നോട്ടിഫൈ ചെയ്തിട്ടില്ല.. അത് നടപ്പിലാക്കിയാൽ ആദിവാസികളുടെ ഭൂപ്രശ്നം പരിഹരിക്കാൻ കഴിയും. വരുന്ന 22-ാം തീയതി കണ്ണൂർ ജില്ലയിലെ ആറളത്ത് 1117 കുടുംബങ്ങൾക്ക് ഒരു ഏക്കർ ഭൂമി വീതം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിതരണം ചെയ്യാൻ പോവുകയാണ്. അവരുടെ സാമൂഹിക-സാംസ്ക്കാരിക അഭിവൃദ്ധിക്കുവേണ്ടിയുള്ള പദ്ധതികൾ ഉൽഘാടനവേളയിൽ പ്രഖ്യാപിക്കുന്നതാണ്. ആദിവാസികളുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് പി.ഡബ്ളിയു.ഡി. ഹെഡ്ഡിൽ കോടിക്കണക്കിനു രൂപയുണ്ടെങ്കിലും ആ പണം യഥാസമയം വിനിയോഗിക്കാത്ത സ്ഥിതിയുണ്ടെന്നുള്ളത് മനസ്സിലാക്കി ശക്തമായ നിലപാട് സ്വീകരിക്കുന്നതാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ

8538 സ്പിൽ ഓവർ വീടുകൾ ഉണ്ടായിരുന്നതിൽ 4006 വീടുകൾ കഴിഞ്ഞവർഷം പൂർത്തീകരിക്കുകയും അതിന് 25 കോടി രൂപ കൊടുക്കുകയും ചെയ്തു. കഴിഞ്ഞവർഷം 5000 വീടുകൾ ഏറ്റെടുക്കുകയും നിർമ്മിതിക്കും ഹൗസിംഗ്ബോർഡിനുമായി കൊടുക്കുകയും അതിന്റെയും പണി ആരംഭിക്കുകയും ചെയ്തു. ഏതെങ്കിലും പരിത:സ്ഥിതിയിൽ ആ വീടുകൾ പൂർത്തീകരിക്കാൻ കഴിയുന്നില്ലെങ്കിൽ 12 ശതമാനം പെനാൽറ്റിയിൽ ആ ഫണ്ട് വകുപ്പിന് തിരിച്ചടയ്ക്കണം. ഈ വർഷം ഇനി 10000 വീടുകളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്. അതിൽ 7500 വീടുകൾക്കുവേണ്ടി അമ്പത്തിരണ്ടര കോടി രൂപ എല്ലാ ജില്ലകളിലും കൊടുക്കാൻ കഴിഞ്ഞു. കഴിഞ്ഞ 8 വർഷത്തിനിടയിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ഇൻ എയ്ഡായി കൊടുത്ത തുക ഏറ്റവും കൂടുതൽ വിനിയോഗിച്ചത് 2005-07-ലാണ്. 86 ശതമാനം എസ്.സി. വിഭാഗത്തിനും 91 ശതമാനം എസ്.ടി. വിഭാഗത്തിനും ചെലവഴിക്കാൻ കഴിഞ്ഞു. 88 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചു. ബഡ്ജറ്റ് അലോക്കേഷന്റെ 63 ശതമാനവും പട്ടികജാതിക്കാർക്കുവേണ്ടി ഗ്രാന്റ് ഇൻ എയ്ഡായിട്ടാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്നത്. വീടുകൾ മെയിന്റനൻസ് നടത്താനുള്ള പ്രത്യേക പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ഫണ്ട് പരിപൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്തതിനുള്ള പ്രധാനകാരണം കേന്ദ്രത്തിൽനിന്നും കിട്ടുന്ന ഫണ്ടിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ വരുന്ന കാലതാമസമാണ്. ഈ വിഭാഗത്തിനു നീക്കിവയ്ക്കുന്ന ഫണ്ട്

വിനിയോഗിക്കാത്ത സാഹചര്യം ഒരു കാരണവശാലും ഉണ്ടാകരുത് എന്ന ശക്തമായ നിലപാടാണ് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് ഭൂമിയും വീടും കൊടുക്കുന്നതിന് ഗുണഭോക്താക്കളെ തദ്ദേശഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്താൽ മതിയെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആദിവാസികളുടെ കൈവശമുള്ള റബ്ബർ തോട്ടങ്ങൾ അന്യാധീനപ്പെട്ടുപോകാതെയിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് ജില്ലാ-താലൂക്ക് തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. 2003-04 വർഷത്തിൽ സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് ടു എസ്.സി.പി. വിഭാഗത്തിൽപ്പെട്ട ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾ നടന്നതിനാൽ അത് വിജിലൻസിനു വിട്ടതുകൊണ്ടാണ് പത്തനംതിട്ട ജില്ലയിൽ നടന്ന ആദിവാസി കുട്ടികളുടെ കമ്പ്യൂട്ടർ പരിശീലനത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാൻ കഴിയാത്തത്. അനധികൃതമായിട്ടുള്ള സ്ഥാപനങ്ങൾ നടത്തുന്ന കമ്പ്യൂട്ടർ കോഴ്സിന് സർട്ടിഫിക്കറ്റ് കൊടുക്കാൻ ഗവണ്മെന്റിന് കഴിയുകയില്ല. അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്, സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് എന്നിവ തരുന്നതിൽ കേന്ദ്ര ഗവണ്മെന്റ് കാണിക്കുന്ന വിമുഖത പരിഹരിക്കുന്നതിന് നടപടിയാരംഭിച്ചതിന്റെ ഫലമായി അടുത്ത വർഷം മുതൽ സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ജലനിധി പദ്ധതിക്ക് പഞ്ചായത്തുകളുടെ ഫണ്ടിൽനിന്നും ഗുണഭോക്തൃ വിഹിതം എടുക്കുന്നതിന് ബുദ്ധിമുട്ടില്ല. ഈ രൂപത്തിൽ രൂപീകരിച്ചിട്ടുള്ള ഗുണഭോക്തൃ സമിതികൾക്ക് ഇലക്ട്രിസിറ്റി

ചാർജ്ജ് താങ്ങാൻ കഴിയാത്തതായിരുന്നു. ഈ ഗവണ്മെന്റ് ചാർജ്ജ് കുറച്ചുകൊടുത്തു. ഇന്ന് എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും കുടിവെള്ളം സുലഭമാണ്. ജലനിധി പദ്ധതിപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10 ശതമാനമായിരുന്നു നേരത്തെ കോൺട്രിബ്യൂഷൻ. അതിന്റെ രണ്ടര ശതമാനം ക്യാഷും ഏഴര ശതമാനം അദ്ധ്വാനവുമായിരുന്നു. വേൾഡ് ബാങ്കിന് സമർപ്പിച്ചിട്ടുള്ള പദ്ധതിപ്രകാരം സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശം 10 ശതമാനം എന്നത് 5 ശതമാനമായും ക്യാഷ് കംപോണന്റ് ഒരു ശതമാനമായും പരിമിതപ്പെടുത്തണം എന്നുള്ളതാണെന്നും വ്യവസ്ഥകൾ അംഗീകരിക്കുന്ന മുറയ്ക്ക് 2008 മുതൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ഒരു ശതമാനം ക്യാഷ് കംപോണന്റ് അടച്ചാൽ മതിയാകുമെന്നും എന്ന് ജലവിഭവ വകുപ്പുമന്ത്രി ഒരുപചോദ്യത്തിനു മറുപടിയായി അറിയിച്ചു. കുരിയോട്ടുമലയിലെ ആദിവാസികളുടെ വീടുകളുമായി ബന്ധപ്പെട്ട പ്രശ്നം ഗൗരവമായി പരിശോധിക്കുന്നതും ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതുൾപ്പെടെയുള്ള നടപടി എത്രയുംപെട്ടെന്ന് സ്വീകരിക്കുന്നതുമാണ്. നിയമപ്രകാരം ഭൂമിയില്ലെങ്കിലും പഞ്ചായത്ത് നമ്പരുള്ള എല്ലാ ആദിവാസി വീടുകൾക്കും വൈദ്യുതി കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കേരളത്തിലെ ഒരു ആദിവാസിക്കും കാശില്ലാത്തതിന്റെ പേരിൽ ചികിൽസ നിഷേധിക്കുന്ന സാഹചര്യം ഇനിയുണ്ടാകില്ല. അവരുടെ ചികിൽസയ്ക്കായി 10 കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആറളത്തുള്ള ബാക്കി ഭൂമി ഫാം ആയിട്ടുതന്നെ നിലനിർത്തുന്നതിന്റെ ഭാഗമായി ആദിവാസികൾക്ക് ഗുണം ചെയ്യുന്ന ഒരു പദ്ധതി ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. ഹരിപ്പാട്

ഭാഗത്തെ ആദിവാസി വീടുകളുടെ അലോട്ട്മെന്റിന്റെ പ്രശ്നം പരിശോധിച്ച് പരിഹാരം കാണുന്നതാണ്. ആദിവാസികൾക്കായി രൂപീകരിച്ച പദ്ധതികളുടെ പോരായ്മകൾ പരിശോധിക്കുന്നതിന് പ്ളാൻ പ്രോസ്സസിൽ പട്ടികജാതി/പട്ടികവിഭാഗക്കാർക്ക് ഇടപെടുന്നതിനും അഭിപ്രായം പറയുന്നതിനും അതിനനുസരിച്ച് പദ്ധതി ആവിഷ്ക്കരണത്തിൽത്തന്നെ ഗുണകരമായ മാറ്റം ഉണ്ടാക്കുന്നതിനും സഹായകരമായ ഒരു നിയമനിർമ്മാണം പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷനുമായി ബന്ധപ്പെട്ടുകൊണ്ട് ഉണ്ടാക്കിയിട്ടുണ്ട്. അർഹതപ്പെട്ട ആദിവാസികളേയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. പണിയ സമുദായം പ്രാക്തന ഗോത്രത്തിൽപ്പെടുന്നതല്ലാത്തതിനാൽ മറ്റ് ആദിവാസികൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ മാത്രമേ ഇവർക്കും ലഭിക്കുകയുള്ളൂ. കുറുമർ, കുറിച്യർ പണിയർ തുടങ്ങിയവരുടെ സാമുദായിക-സാംസ്ക്കാരിക-സാമ്പത്തിക പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി കിർത്താഡ്സിനെ ഏൽപിക്കുന്നതാണ്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് കുടിശ്ശികയുണ്ടായിരുന്ന 40 കോടിയോളം രൂപയുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുത്തുതീർത്തു. പട്ടണപ്രദേശങ്ങളിൽ ആവശ്യമായ സ്ഥലം ലഭ്യമാകുകയാണെങ്കിൽ സ്വന്തമായി വീടില്ലാത്ത ആദിവാസികൾക്കായി ഫ്ളാറ്റ് നിർമ്മിക്കുന്ന പദ്ധതി ആവിഷ്ക്കരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആദിവാസി കുട്ടികൾക്കുള്ള എല്ലാ ഹോസ്റ്റലുകളും ഈ വർഷം നവീകരിക്കും. 140 ഹോസ്റ്റലുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് ഫണ്ട് കൊടുത്തുകഴിഞ്ഞു.

ഇടമലയാറിലെ രണ്ട് ട്രൈബൽ ഹോസ്റ്റലുകളും ഇപ്പോൾ കെ.എസ്.ഇ.ബി. ബംഗ്ളാവിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നഴ്സിംഗ് ഹോസ്റ്റലുകളുടെ പണി ഈ വർഷംതന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

62 (* 272) <u>നദീതീരങ്ങളിൽ വൃക്ഷം വച്ചുപിടിപ്പിക്കുന്ന പദ്ധതി</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, മണ്ണിടിച്ചിൽ തടയുന്നതിന് നദീതീരങ്ങളിൽ വൃക്ഷം വച്ചുപിടിപ്പിക്കുന്ന പദ്ധതി വനം വകുപ്പ് പ്രത്യേകമായി നടപ്പിലാക്കുന്നില്ലെന്നും എന്നാൽ 2005-06-ൽ ഇത്തരമൊരു പദ്ധതി കേന്ദ്രസർക്കാർ ധനസഹായത്തോടുകൂടി പാലക്കാട് ജില്ലയിൽ ഭാരതപ്പുഴയുടെ തീരത്ത് നടപ്പിലാക്കിയിരുന്നുവെന്നും സഭയെ അറിയിച്ചു. കൂടാതെ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത നദികളുടെ കരകളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പരിപാടികളിൽ വനം വകുപ്പ് പൂർണ്ണ സഹകരണവും പങ്കാളിത്തവും നൽകിവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ വനംവകുപ്പും തദ്ദേശ ഭരണ സ്ഥാപനങ്ങളും മറ്റുവകുപ്പുകളും സംയുക്തമായി നടപ്പിലാക്കിയ വൃക്ഷത്തൈ നടീൽ പരിപാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

തിരുവനന്തപുരം ജില്ലയിൽ കരമനയാറിന്റെ ഇരുകരകളിലുമുള്ള പഞ്ചായത്തുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നദിയുടെ ഇരുകരകളിലുമായി പൊതുജന പങ്കാളിത്തത്തോടുകൂടി 8300 മുളത്തൈകൾ നട്ടുപിടിപ്പിച്ചു.

കൊല്ലം ജില്ലയിൽ കല്ലടയാറിന്റെ ഇരുകരകളിലുമായി പുനലൂർ മുനിസിപ്പാലിറ്റിയുടെ ആഭിമുഖ്യത്തിൽ കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വയംസഹായ സംഘങ്ങളുടേയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടുകൂടി 5100 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. അവിടെ നശിച്ചുപോയ വൃക്ഷത്തൈകൾക്ക് പകരം തൈകൾ കൊടുക്കുന്നതാണ്.

തൃശൂർ ജില്ലയിൽ മണ്ണ് സംരക്ഷണ വകുപ്പുമായി യോജിച്ച് മണലിപ്പുഴയുടെ കരകളിൽ 10500 മുളത്തൈകൾ പൊതുജന പങ്കാളിത്തത്തോടുകൂടി നട്ടുപിടിപ്പിച്ചു.

ഭാരതപ്പുഴയുടെ കരകളിൽ പാലക്കാട് ജില്ലയിലെ 3 മുനിസിപ്പാലിറ്റികളുടെയും 14 പഞ്ചായത്തുകളുടെയും ആഭിമുഖ്യത്തിൽ പൊതുജനപങ്കാളിത്തത്തോടുകൂടി കേന്ദ്ര സർക്കാരിന്റെ ആർ.എസ്.വി.വൈ. ഫണ്ട് ഉപോയോഗിച്ച് 83900 മുളത്തൈകൾ നട്ടുപിടിപ്പിച്ചു. വനം വകുപ്പ് ആവശ്യമായ മുളത്തൈകൾ വിതരണം ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. ശക്തമായ കാലവർഷത്തെത്തുടർന്ന് നദികളുടെ അതിർത്തികൾ മാറിപ്പോയ സാഹചര്യത്തിൽ റവന്യൂ വകുപ്പിന്റെ സഹായത്തോടുകൂടി തീരങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന, മൂന്ന് കൊല്ലംകൊണ്ട് പൂർത്തിയാക്കാവുന്ന ഒന്നേമുക്കാൽ കോടിയോളം രൂപ ചെലവ് വരുന്ന ഒരു പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലാണ്. 'എന്റെ മരം പദ്ധതി.' സാമൂഹിക വനവൽക്കരണ മേഖലയിൽ ഒരു വമ്പിച്ച വഴിത്തിരിവായിരുന്നു. 25 ലക്ഷം വിദ്യാർത്ഥികൾ ആ പദ്ധതിയിൽ പങ്കെടുത്തുവെന്നത് വിദ്യാഭ്യാസ വകുപ്പിനും വനം വകുപ്പിനും അഭിമാനിക്കാവുന്നകാര്യമാണ്. എല്ലാ ജില്ലകളിലും വച്ചുപിടിപ്പിച്ച 80 ശതമാനം തൈകളും വളർന്നുവരുന്നുണ്ട്. ആ തൈകളിൽ ഒന്നിലും വനംവകുപ്പോ ഗവൺമെന്റോ ഒരവകാശവാദവും

ഉന്നയിക്കാൻ പോകുന്നില്ല. വനാതിർത്തിയിലെ നദീതീരങ്ങളിലെ നശിച്ചുപോയ ഈറ്റയ്ക്കും മുളയ്ക്കും പകരം ഈറ്റയും മുളയും വച്ചുപിടിപ്പിക്കുന്നതാണ്. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ജനങ്ങളും സഹകരിച്ചാലേ നദീതീര സംരക്ഷണ പരിപാടി വിജയിക്കുകയുള്ളൂ. നാടൻ മാന്തോപ്പ് പദ്ധതി ഒരു ജില്ലയൊഴികെ മറ്റെല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്. വെള്ളപ്പൊക്കം തടയുന്നതിന് നദീതീരങ്ങളിൽ കരിങ്കൽഭിത്തിയോടൊപ്പം വൃക്ഷങ്ങളും വച്ചുപിടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇറിഗേഷൻ വകുപ്പുമായി ചേർന്നുകിടക്കുന്ന കനാൽതീരങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതിയെ സ്വാഗതം ചെയ്യുന്നുവെന്നും ഹരിതതീരം പദ്ധതി എല്ലാ വാർഡുകളിലും നടപ്പിലാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

63 (*273) <u>മൽസ്യഫെഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ</u>

മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തി കവുമായ ഉന്നമനം മുൻനിർത്തി മത്സ്യ ഉൽപ്പാദന സംസ്ക്കരണ വിപണന മേഖലകളിൽ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക എന്നതാണ് മത്സ്യഫെഡിന്റെ ഉദ്ദേശ്യലക്ഷ്യമെന്ന് സഭയെ അറിയിച്ചു. ഈ ലക്ഷ്യപ്രാപ്തി ഉദ്ദേശിച്ചുകൊണ്ട് താഴെപ്പറയുന്ന  പദ്ധതികൾ നടപ്പാക്കിവരുന്നു:

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി.

നാടൻ വള്ളങ്ങളുടെ നവീകരണം

മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് പരമാവധി 6000 രൂപ സബ്സിഡി അനുവദിച്ചുകൊണ്ടുള്ള ധനസഹായം

സ്വയം തൊഴിലിനായി ചുരുങ്ങിയ പലിശ നിരക്കിലുള്ള വായ്പ

മത്സ്യം, കക്ക, കൊഞ്ച്, കണവ എന്നിവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനും വേണ്ടിയുള്ള സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ പദ്ധതി

മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

തീരദേശ ലേല ഗ്രൂപ്പുകൾക്കുള്ള പലിശരഹിത വായ്പാ പദ്ധതി

മത്സ്യക്കച്ചവടം നടത്തുന്ന വനിതകൾക്ക് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പ നൽകുന്ന പദ്ധതി

മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതി

മത്സ്യവിപണന രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിനും ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് മത്സ്യം ലഭിക്കുന്നതിനുമായി സുനാമി അടിയന്തിര സഹായ/പുനരധിവാസ (ടീപ്പ്, റ്റി.ആർ.പി.) പദ്ധതികളിൽ ഉൾപ്പെടുത്തി മത്സ്യവിപണനത്തിന് വാഹന സൗകര്യം എന്ന ഉപ പദ്ധതിയിൽ 250 യൂണിറ്റുകളും മത്സ്യ വിപണന ബൂത്തുകൾ എന്ന ഉപ പദ്ധതിയിൽ 45 യൂണിറ്റുകളും സീഫുഡ് കിച്ചൺ എന്ന ഉപ പദ്ധതിയിൽ 40 യൂണിറ്റുകളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഇപ്പോൾത്തന്നെ സുനാമി അടിയന്തിര സഹായ പദ്ധതിയിൽപ്പെടുത്തി (ടീപ്പ്) സപ്ലൈകോയുമായി സഹകരിച്ച് മിനി സൂപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം തുടങ്ങുന്ന സൂപ്പർമാർക്കറ്റുകളിൽ മത്സ്യോൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള സൗകര്യവും വിവക്ഷിച്ചിട്ടുണ്ട്. സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന കടാശ്വാസ ബില്ലിന്റെ തെളിവെടുപ്പിന്റെ വിവരങ്ങളും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും അഭിപ്രായ

ങ്ങളും ശേഖരിച്ചതിനുശേഷം മൽസ്യഫെഡിന്റെയും മൽസ്യത്തൊഴിലാളി സഹായ സഹകരണ സംഘങ്ങളുടേയും കടബാധ്യതയെ സംബന്ധിച്ച് ഒരു പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. മൽസ്യവിപണന രംഗത്ത് ജോലിചെയ്യുന്ന സ്ത്രീകളുൾപ്പെടെയുള്ള ആളുകളെ സഹായിക്കാനായി പലിശ രഹിത വായ്പ ലഭ്യമാക്കുന്നതിനുള്ള തീരുമാനം നയപരമായി ഗവൺമെന്റ് എടുത്തുകഴിഞ്ഞിട്ടുണ്ട്. പ്ലാനിംഗ് ബോർഡും ധനകാര്യ വകുപ്പും ഇതിന് അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. ബാങ്കുകളും തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. മൽസ്യത്തിന്റെ കയറ്റുമതിയിലും ഉൽപ്പാദനത്തിലും സംഭരണത്തിലും വിപണന കാര്യങ്ങളിലും ഉപകരണങ്ങൾ വാങ്ങുന്നതിലുമെല്ലാം മൽസ്യഫെഡ് ഇടപെട്ടുപോരുന്നുണ്ട്. ഈ വർഷം കയറ്റുമതി വർദ്ധിച്ചിട്ടുണ്ടെങ്കിലും മൽസ്യത്തൊഴിലാളികൾക്ക് പ്രത്യേകിച്ച് ജീവിതത്തിൽ എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടെന്ന് എടുത്തുപറയാൻ കഴിയില്ല. സ്വാഭാവികമായും കയറ്റുമതിയിലെ വർദ്ധനവ് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ സഹായിക്കും. ഇന്നത്തെ ഇൻഷ്വറൻസ് സ്കീമിന് വളരെ പരിമിതികൾ ഉള്ളതുകൊണ്ട് വിശാലമായ വിധത്തിൽ ഇൻഷ്വറൻസിന്റെ ആനുകൂല്യം ഈ മേഖലയ്ക്ക് പ്രയോജനപ്പെടുത്തുകയെന്നുള്ളതാണ്. മൽസ്യ സുരക്ഷാപദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. കേരളത്തിലെ ചില പഞ്ചായത്തുകളെ തെരഞ്ഞെടുത്തുകൊണ്ട് സാമ്പത്തിക സഹായം നൽകി വിവിധ സ്ഥാപനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്തു് കുടുംബശ്രീ യൂണിറ്റുകളെക്കൂടി പ്രയോജനപ്പെടുത്തി അലങ്കാര മൽസ്യകൃഷി നടത്താൻ മൽസ്യഫെഡ് മുൻകൈയെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അലങ്കാര മൽസ്യത്തിന്റെ കയറ്റുമതി സാധ്യത കണക്കിലെടുത്ത് ഒരു കമ്പനി സംയുക്ത സംരംഭമായി ആരംഭി

ക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ടെന്നും താമസിയാതെ അക്വാ ടെക്നോളജി പാർക്ക് കേരളത്തിൽ പ്രാബല്യത്തിൽ വരുന്നതാണെന്നും ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

64 (*282) ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് വൈദ്യുതി ഇളവ്

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് വൈദ്യുതി ഇളവ് നൽകുന്നതിന് സർക്കാരിന്റെ നയപരപാടി അനുസരിച്ച് ജലനിധി, ജലധാര, സ്വജലധാര എന്നീ കുടിവെള്ള പദ്ധതികൾക്കും, എസ്.സി./എസ്.ടി., ലക്ഷംവീട് കോളനികളിൽ സ്ഥാപിച്ചിട്ടുള്ളതും ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്നതുമായ കുടിവെള്ള പദ്ധതികൾക്കും, എം.പി./എം.എൽ.എ. ഫണ്ട്, രാജീവ്ഗാന്ധി കുടിവെള്ള പദ്ധതികൾക്കും ഗുണഭോക്തൃ കമ്മിറ്റികൾ നടത്തുന്ന കുടിവെള്ള പദ്ധതികൾക്കും ഗാർഹിക നിരക്കിലാണ് വൈദ്യുതി നൽകിവരുന്നതെന്നറിയിച്ചു.

65 (*289) ലക്ഷംവീട് കോളനികളിലെ ഇരട്ടവീടുകൾ ഒറ്റവീടുകളാക്കാൻ നടപടി

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 26.11.2004-ലെ ഉത്തരവ് പ്രകാരം ലക്ഷം വീടുകളുടെ നവീകരണത്തിനായി സർക്കാർ 5 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നറിയിച്ചു. ഒരു വീടിന് 20,000 രൂപ നിരക്കിൽ 2500 വീടുകൾക്ക് ഈ തുക ഉപയോഗിച്ച് ധനസഹായം നൽകാവുന്നതാണ്. 31.8.2007 വരെ 1328 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

ലക്ഷം വീട് നവീകരണ പദ്ധതി 26.11.2004-ലെ ഉത്തരവ് പ്രകാരം ഭവന നിർമ്മാണ ബോർഡുവഴിയാണ് നടപ്പിലാക്കുന്നത്.

66 (*292) <u>പ്രീ-മെട്രിക് ഹോസ്റ്റലുകൾ</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പട്ടികജാതി വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആൺകുട്ടികൾക്കായി 46-ഉം പെൺകുട്ടികൾക്കായി 45-ഉം പ്രീ-മെട്രിക് ഹോസ്റ്റലുകളുണ്ടെന്നറിയിച്ചു. ഇവയിൽ 60 എണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങളുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള 110 പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പട്ടികവർഗ്ഗക്കാരല്ലാത്തവർക്കുവേണ്ടി നീക്കിവച്ചിട്ടുള്ള പത്ത് ശതമാനം സീറ്റിൽ പട്ടികജാതി വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുന്നുണ്ട്.

67 (*299) <u>മാന്തോപ്പ് പദ്ധതി</u>

വനവും ഗതാഗതവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരളപ്പിറവിയുടെ 50-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് കോഴിക്കോട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വിവിധയിനം നാടൻ മാവുകളുടെ 50-ഉം അതിലധികവും തൈകൾ വീതം ഒരു സ്ഥലത്ത് നട്ടുവളർത്തിയിട്ടുണ്ടെന്നറിയിച്ചു. ഇതിനാവശ്യമുള്ള മാവിൻതൈകൾ വിവിധ ഉറവിടങ്ങളിൽനിന്നും വിത്തുകൾ ശേഖരിച്ച് വനംവകുപ്പ് ഉൽപ്പാദിപ്പിച്ചതാണ്. മാവിൻതൈകൾ നട്ടുപിടിപ്പിച്ചത് പ്രാദേശിക ജനപ്രതിനിധികളുടെയും സാമൂഹ്യ-സാംസ്ക്കാരിക നായകന്മാരുടെയും നേതൃത്വത്തിലാണ്. കോഴിക്കോട് ജില്ലയിൽ അനുയോജ്യമായ സ്ഥലം

യഥാസമയം ലഭിക്കാത്തതുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് സാധിക്കാതിരുന്നത്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

69 (1892) ആദിവാസികൾക്ക് ആരോഗ്യ പദ്ധതി

കേന്ദ്ര സർക്കാരിന്റെ അധിക കേന്ദ്ര സഹായമായ 10 കോടി രൂപ ഉപയോഗിച്ച് രൂപപ്പെടുത്തിയ ആദിവാസികൾക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയനുസരിച്ച് വരുന്ന അഞ്ച് വർഷക്കാലം 14 ജില്ലാ ആശുപത്രികൾ, വയനാട്, കണ്ണൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ, 5 സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, എറണാകുളം, കണ്ണൂർ ജില്ലകളിലെ സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികൾ, ശ്രീചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & റിസർച്ച്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിൽനിന്നും പട്ടികവർഗ്ഗക്കാർക്ക് പൂർണ്ണമായും സൗജന്യ ചികിൽസ ലഭിക്കും. പതിനായിരം രൂപയ്ക്ക് മുകളിലുള്ള ചികിൽസ ബി.പി.എൽ. വിഭാഗത്തിന് മാത്രമായിരിക്കും. പ്രസ്തുത സ്ഥാപനങ്ങളിലെ ഡയറക്ടർമാരുടെ ആവശ്യാനുസരണം തുക അനുവദിച്ച് നൽകുകയും 13.8.2007-ലെ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി വിനിയോഗിക്കുകയും ചെയ്യുന്നതാണ്.

70 (1901) കെ.എസ്.ഇ.ബി.ക്ക് കിട്ടാനുള്ള കുടിശ്ശിക

കെ.എസ്.ഇ.ബി.ക്ക് 30.6.2007 വരെ 1842.78 കോടി രൂപ കുടിശ്ശികയായി വൈദ്യുതി ചാർജ്ജിനത്തിൽ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും പിരിഞ്ഞുകിട്ടാനുണ്ട്. ഇതിൽ 1117.66 കോടി രൂപയും സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങളായ മെഡിക്കൽ കോളേജുകൾ, പോലീസ് സ്റ്റേഷനുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന ഗവൺമെന്റിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള വാട്ടർ അതോറിറ്റിയിൽ നിന്നുമാണ് ലഭിക്കുവാനുള്ളത്. കൂടാതെ 658 കോടിയിലധികം രൂപ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടാനുണ്ട്.

71 (1904) കാറ്റിൽനിന്ന്് വൈദ്യുതി

കേരളത്തിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ട് പ്രവർത്തിക്കുന്ന കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 2 MW ശേഷിയുള്ള നിലയത്തിൽ മേയ് 1995 മുതൽ ജൂലൈ 2007 വരെ 27.07 MU വൈദ്യുതി ഉൽപ്പാദനം നടന്നിട്ടുണ്ട്. കേരളത്തിലെ കാറ്റിന്റെ ലഭ്യത പഠനവിധേയമാക്കിയ അനെർട്ട് ഇടുക്കി, പാലക്കാട്, തിരുവനന്തപുരം ജില്ലകളിലായി 17 സ്ഥലങ്ങൾ പവനവൈദ്യുതോൽപ്പാദനത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

72 (1905) പുതിയ വൈദ്യുത പദ്ധതികൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിഗിരി പുനരുദ്ധാരണം (യൂണിറ്റ് 4 - 5 MW) നേര്യമംഗലം പുനരുദ്ധാരണം

(യൂണിറ്റ് 3 - 3 MW) എന്നിങ്ങനെ 8 MW വൈദ്യുത ഉൽപ്പാദനശേഷിയുള്ള പദ്ധതികൾ നടപ്പിൽവരുത്തി.

73 (1911 & 1912) ഗാർഹിക വൈദ്യുത കണക്ഷനുകൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഗാർഹിക വൈദ്യുത കണക്ഷനുകൾക്കുള്ള 464751 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആകെ 465450 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. 31.8.2007-ലെ കണക്കനുസരിച്ച് ഗാർഹിക ഉപഭോക്താക്കളുടെ എണ്ണം 6744671 ആണ്. 2006-07-ലെ കണക്കനുസരിച്ച് പ്രതിദിനം 14.3 ദശലക്ഷം യൂണിറ്റ് വൈദ്യുതി ആവശ്യമായിവരുന്നുണ്ട്. ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കുന്നതിനായി ട്രബിൾകാൾ മാനേജുമെന്റ് സിസ്റ്റം തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിൽ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ കൊട്ടാരക്കര, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഉപഭോക്തൃ തർക്കപരിഹാര സമിതിയും പ്രവർത്തിച്ചുവരുന്നു.

74 (1926) വൈദ്യുതി അപകടങ്ങൾ

കഴിഞ്ഞ സാമ്പത്തികവർഷം വൈദ്യുതി അപകടങ്ങൾ സംഭവിച്ച 97 പേർക്ക് 1,16,13,284 രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്.

75 (1959) വിൽപ്പന നികുതി കുടിശ്ശിക

സംസ്ഥാനത്ത് വിൽപ്പന നികുതി കുടിശ്ശികയിനത്തിൽ ഒരു കോടി രൂപയ്ക്കുമുകളിൽ പിരിഞ്ഞുകിട്ടാനുള്ള 254 കേസ്സുകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് കമ്മീഷണർ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ വകുപ്പിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടത്തിവരുന്നുണ്ട്. എല്ലാ ജില്ലകളിലേയും ഡെപ്യൂട്ടി കമ്മീഷണർമാർ അടക്കമുള്ള സെയിൽസ് ടാക്സ് ഓഫീസർമാരുടെ യോഗം വിളിച്ചുകൂട്ടി നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കാൻ വേണ്ട നിർദ്ദേശം നൽകുന്നുണ്ട്.

76 (1968) സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകൾ

സംസ്ഥാനത്ത് 81 സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്. (എ ക്ളാസ്-6, ബി ക്ളാസ്-5, സി ക്ളാസ്-33, താൽക്കാലിക ചെക്ക് പോസ്റ്റുകൾ-37)

77 (1988) ഫിഷറീസ് മേഖലയിലെ സുനാമി പദ്ധതികൾ

സുനാമി പുനരധിവാസ പദ്ധതി (റ്റി.ആർ.പി.) പ്രകാരം ജീവനോപാധികളുടെ പുന:സ്ഥാപനത്തിനായി ഫിഷറീസ് വകുപ്പ് മുഖേന 64.85 കോടി രൂപയുടേയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്പു മുഖേന ഫിഷ്ലാന്റിംഗ് സെന്ററുകളുടെയും തീരദേശറോഡുകളുടെയും പുനരുദ്ധാരണത്തിനായി 97.97 കോടി രൂപയുടെയും പദ്ധതികളാണ് 9

തീരദേശ ജില്ലകളിൽ നടപ്പാക്കിവരുന്നത്. നാളിതുവരെ 13.29 കോടി രൂപയാണ് ഫിഷറീസ് വകുപ്പിന് അനുവദിച്ചുകിട്ടിയത്. അതിൽ 7.547 കോടി രൂപ ഇതുവരെ പദ്ധതി നിർവ്വഹണത്തിനായി താഴെത്തലങ്ങളിലേയ്ക്ക് നൽകിയിട്ടുണ്ട്. തീരദേശവാസികളെ സ്വാശ്രയത്തിലേയ്ക്ക് നയിക്കുന്നതിനായി തീരദേശവാസികളായ സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സുനാമി അടിയന്തിര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 25 ഉപപദ്ധതികളും സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി 20 ഉപപദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷന്മാരായ തൊഴിലാളികളെ ടീപ്പ് പദ്ധതിയിൽപ്പെടുത്തി 6000 രൂപവരെ പ്രവർത്തന മൂലധനം നൽകുന്ന പദ്ധതി കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ നടപ്പാക്കിവരുന്നു.

78 (2036) ഫോറസ്റ്റ് റോഡുകൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 25.11.2006-ൽ വനം വകുപ്പ് അനുമതി നൽകിയിട്ടുള്ള 11 ഫോറസ്റ്റ് റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയതിനുപുറമേ 26.3.2007-ൽ നബാർഡ് സ്കീമിൽപ്പെടുന്ന 7 റോഡുകളുടെ പുനരുദ്ധാരണത്തിനായി തത്വത്തിൽ അനുമതിയും നൽകിയിട്ടുണ്ട്.

79 (2041) വഴിയോര തണൽ പദ്ധതി

വഴിയോര തണൽ പദ്ധതിയിൽ 85936 വൃക്ഷത്തൈകൾ നട്ട് സംരക്ഷിച്ചുവരുന്നുണ്ട്. ഈ പദ്ധതിക്കാവശ്യമായ വൃക്ഷത്തൈകൾ വനം വകുപ്പുതന്നെയാണ് നൽകുന്നത്.

80 (2055) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

ഭവന നിർമ്മാണ ബോർഡിലെ വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 7.2.2004 മുതൽ 30.6.2007 വരെ 14202.86 ലക്ഷം രൂപ സമാഹരിച്ചു. ഈ പദ്ധതി ദീർഘിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.